**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 231** **12-01-2021 - ൽ മറുപടിയ്ക്ക്**

**പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.എം.കെ . മുനീർ ,<br>ശ്രീ . എൻ . ഷംസുദീൻ ,<br>ശ്രീ .കെ .എൻ .എ. ഖാദർ ,<br>ശ്രീ എൻ. എ. നെല്ലിക്കുന്ന് | | Smt. K. K .Shailaja Teacher<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | കോവിഡ് രോഗമുക്തരായവരിൽ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. കോവിഡ് രോഗമുക്തി വന്ന രോഗികളിൽ പലവിധങ്ങളായ ആരോഗ്യപ്രശ്നങ്ങൾ കണ്ടുവരുന്നുണ്ട്. ഇവയെ പോസ്റ്റ് കോവിഡ് സിൻഡ്രോം എന്നാണ് നാമകരണം ചെയ്തിരിക്കുന്നത്. പോസ്റ്റ് കോവിഡ് സിൻഡ്രോമിൽ കിതപ്പ്, പേശീവേദന, തലവേദന, ചുമ തുടങ്ങിയ സാധാരണ ലക്ഷണങ്ങൾ മുതൽ ഹൃദ്രോഗങ്ങൾ, ശ്വാസകോശരോഗങ്ങൾ തുടങ്ങിയ ഗുരുതര രോഗങ്ങളും ഉൾപ്പെടുന്നു. |
| (ബി) | കോവിഡ് രോഗം ഭേദമായവർക്കുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ ചികിത്സിക്കുന്നതിനായി പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. കോവിഡ് മുക്തരായ എല്ലാ ആളുകൾക്കും പിന്നീട് ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രാഥമിക തലം മുതൽ മെഡിക്കൽ കോളേജുകൾ വരെ പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ സംസ്ഥാന ആരോഗ്യ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ഫീൽഡ് തലത്തിൽ കോവിഡ് മുക്തരായ രോഗികളെ ആശാപ്രവർത്തകരുടെ സഹായത്തോടെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന പോസ്റ്റ് കോവിഡ് ക്ലിനിക്കുകളിൽ എത്തിക്കുകയും അവിടെ രജിസ്റ്റർ ചെയ്യുകയും ചെയ്യുന്നു. പരിഹരിക്കപ്പെടാവുന്ന നിസാര രോഗലക്ഷണങ്ങൾ ഈ കേന്ദ്രങ്ങളിൽ തന്നെ ചികിത്സിക്കുകയും തുടർ ചികിത്സ വേണ്ടി വരുന്ന രോഗികളെ താലൂക്കാശുപത്രി, ജില്ലാ ആശുപത്രി, മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ക്ലിനിക്കുകളിലേയ്ക്ക് റഫർ ചെയ്യുന്നു. ഈ ആശുപത്രികളിൽ എല്ലാ സ്പെഷ്യലിസ്റ്റുകളും അടങ്ങുന്ന ഒരു ടീം രോഗികളെ വിദഗ്ധ പരിശോധനയ്ക്ക് വിധേയമാക്കി ചികിത്സ നൽകുന്നു. സംസ്ഥാനത്ത് 1168 പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ പ്രവർത്തിച്ച് വരുന്നു. എഴുപത്തി മൂവായിരത്തിൽ |

| | | | |
|---|---|---|---|
| | | | പരം രോഗികൾക്ക് നാളിതുവരെ വിവിധ തരങ്ങളായുള്ള ചികിത്സ നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | പോസ്റ്റ് കോവിഡ് സിൻഡ്രോം ഗുരുതരമായതിനാൽ ഇത്തരം ക്ലിനിക്കുകളുടെ പ്രവർത്തനം വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ? | (സി) | പോസ്റ്റ് കോവിഡ് സിൻഡ്രോമിൽ വിദഗ്ധ ചികിത്സ വേണ്ടി വരുന്ന ഗുരുതര രോഗങ്ങൾ താരതമ്യേന എണ്ണത്തിൽ കുറവാണ്. ഇവരെ ജില്ലാതല ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ആണ് ചികിത്സിക്കുന്നത്. നാളിതുവരെ പോസ്റ്റ് കോവിഡ് ക്ലിനിക്കുകളിൽ വന്നിട്ടുള്ള രോഗികളെ ചികിത്സിക്കുന്നതിനുള്ള സംവിധാനം ആരോഗ്യവകുപ്പിൽ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ